

# അന്തർദ്ദേശീയ വനിതാദിനം

കെ. മുരളീധരൻ

**മാ**ർച്ച് എട്ടാം തീയതി അന്താരാഷ്ട്രവനിതാദിനം ലോകമെമ്പാടും ആചരിച്ചുവല്ലോ. വനിതകളുടെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക നേട്ടങ്ങളെയും മുന്നേറ്റങ്ങളെയും സ്മരിക്കുന്നതിനും ആഘോഷിക്കുന്നതിനും വേണ്ടി സമർപ്പിക്കപ്പെട്ടതാണ് ഈ ദിനം.

1908 മാർച്ച് എട്ടാം തീയതി അമേരിക്കയിലെ 15,000 ത്തോളം വരുന്ന വനിതകൾ കുറഞ്ഞ ജോലിസമയം, മാന്യമായ വേതനം, സമ്മതിദാനാവകാശം, ബാലവേല നിർമ്മാർജ്ജനം തുടങ്ങിയ മൗലികമായ അവകാശങ്ങൾ നേടുന്നതിനുവേണ്ടി ന്യൂയോർക്കിന്റെ തെരുവീഥികളിൽക്കൂടി പ്രകടനം നടത്തുകയുണ്ടായി. ഈ ദിനത്തിന്റെ സ്മരണ പുതുക്കുന്നതിനായിട്ട് ഐക്യരാഷ്ട്രസംഘടന മാർച്ച് എട്ടാം തീയതി അന്തർദേശീയ വനിതാദിനമായി കൊണ്ടാടുവാൻ ആഹ്വാനം ചെയ്തു. പിന്നീട് പല അവസരങ്ങളിലും വനിതകൾ സാമൂഹ്യനീതിക്കുവേണ്ടിയും പൗരാവകാശങ്ങൾക്കുവേണ്ടിയും പൊരുതിയ ചരിത്രങ്ങളുണ്ട്. 1910കളുടെ പ്രാരംഭത്തിൽ തൊഴിലെടുക്കുന്നതിനുള്ള അവകാശങ്ങൾക്കുവേണ്ടിയും, യുദ്ധത്തിനും ആഭ്യന്തരകലഹങ്ങൾക്കുമെതിരെയും യൂറോപ്പിലങ്ങോളമിങ്ങോളം വനിതകൾ പ്രക്ഷോഭം നടത്തുകയുണ്ടായി.

1912 ഫെബ്രുവരി 23ന് റഷ്യൻ വനിതകളുടെ നേതൃത്വത്തിൽ നടന്ന ഒന്നാം ലോക മഹായുദ്ധത്തിനെതിരെയുള്ള ഐതിഹാസികമായ പണിമുടക്ക് ചരിത്രത്തിന്റെ താളുകളിൽ ചിരസ്മരണീയമായ ഏടുകളാണ്. വനിതാദിനം വൈവിധ്യമാർന്ന പരിപാടികളോടെ ആഘോഷിക്കുന്നതിനോടൊപ്പം തന്നെ സ്ത്രീ പുരുഷ സമത്വം കൈവരുന്നതിന് ലോകമെമ്പാടും എന്തെല്ലാം പുരോഗതിയുണ്ടായി എന്നു നാം വിമർശനബുദ്ധ്യാ പരിശോധിക്കേണ്ട അവസരം കൂടിയാണ്.

സ്ത്രീ ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ഐശ്വര്യത്തിന്റെയും പര്യായമാണ്. നമ്മൾ ഈ ഭൂമിയിൽ പിറന്നുവീഴുമ്പോൾ ആദ്യം ദർശിക്കുന്ന മുഖം പെറ്റമ്മയുടേതാണ്. മനുഷ്യർക്കിടെയിലെ ഏറ്റവും മഹത്തായ നാമധേയമാണ് 'അമ്മ'. ഉജ്ജ്വലമായ ത്യാഗത്തിന്റെ പര്യായമാണ് ആ വിശിഷ്ടപദം. സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും നിറകുടമാണ് അമ്മ. നമുക്ക് നമ്മുടെ ജീവിതം കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും അമ്മയ്ക്ക് പ്രതിഫലം നൽകാനാവില്ല.


"നഗൃഹം ഗൃഹമിത്യാഹുര
ഗൃഹിണീ ഗൃഹമുച്യതേ
ഗൃഹം തു ഗൃഹിണി ഹിതം
കാന്താരാഭതിരിച്യതെ"

എന്ന് ഗൃഹലക്ഷ്മിയെപ്പറ്റി (ധർമ്മപത്നി) പഞ്ചതന്ത്രത്തിൽ പറയുന്നത് സ്മരണീയമാണ്. വീടല്ല, വീടെന്നു പറയുന്നത് വീട്ടമ്മയാണ്. വീട്ടമ്മയില്ലാത്ത വീടാകട്ടെ കാടിനെക്കാൾ മോശമാണ്. ഒരു വീടിനെ കുടുംബമാക്കുന്നത് നിറഞ്ഞുകത്തുന്ന ഭദ്രദീപം പോലെയുള്ള ഗൃഹലക്ഷ്മിയാണ് എന്ന് സാരം. ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും സഹനത്തിന്റെയും പ്രതിരൂപമാണ് ഭാരതത്തിലെ അമ്മ അഥവാ ധർമ്മപത്നി.

"ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി" എന്നാണ് വള്ളത്തോൾ പാടിയത്.

"യത്ര നാര്യസ്തു പൂജ്യന്തേ"
രമന്തേ തത്ര ദേവതാഃ
യ ത്രൈതാസ്തുന പൂജ്യന്തേ
സർവ്വാസ്തത്രാഫലാഃ ക്രിയ."

എന്നാണ് മനുസ്മൃതിയിൽ പറയുന്നത്. എവിടെയാണോ സ്ത്രീകൾ ആദരിക്കപ്പെടുന്നത് അവിടെ ദേവതകൾ വസിക്കുന്നു. എവിടെയാണോ അവർ അനാദരിക്കപ്പെടുന്നത് അവിടെ എല്ലാ ക്രിയകളും കർമ്മങ്ങളും നിശ്ചലങ്ങളായിത്തീരുന്നു.



ചരിത്രത്തിന്റെ ഏടുകൾ പരിശോധിക്കുമ്പോൾ, സ്ത്രീയുടെ സാമൂഹ്യപദവിയും അവസ്ഥയും ആരോഹണാവരോഹണങ്ങൾക്ക് വിധേയമായതായി കാണാം. പ്രാചീന ഇന്ത്യയിൽ സ്ത്രീകൾ പുരുഷന്മാരോ



**നമ്മൾ ഈ ഭൂമിയിൽ പിറന്നുവീഴുമ്പോൾ ആദ്യം ദർശിക്കുന്ന മുഖം പെറ്റമ്മയുടേതാണ്. മനുഷ്യർക്കിടെയിലെ ഏറ്റവും മഹത്തായ നാമധേയമാണ് 'അമ്മ'. ഉജ്ജ്വലമായ ത്യാഗത്തിന്റെ പര്യായമാണ് ആ വിശിഷ്ടപദം. സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും നിറകുടമാണ് അമ്മ. നമുക്ക് നമ്മുടെ ജീവിതം കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും അമ്മയ്ക്ക് പ്രതിഫലം നൽകാനാവില്ല.**

ടൊപ്പം തുല്യപദവിയിൽ കഴിഞ്ഞിരുന്നു. വേദകാലഘട്ടങ്ങളിൽ സ്ത്രീകൾ ഉയർന്ന വിദ്യാഭ്യാസം നേടിയിരുന്നു എന്നാണ് ചരിത്രരേഖകൾ. പിന്നീട് ദേവദാസി, സതി തുടങ്ങിയ അനാചാരങ്ങൾ നിലവിൽവന്നു. സ്ത്രീകളുടെ സാമൂഹ്യപദവി പിന്നിലേക്കുപോയി. ബ്രിട്ടീഷ് ഭരണകാലത്ത് രാജാറാം മോഹൻറോയ്, ഈശ്വരചന്ദ്രവിദ്യാസാഗർ തുടങ്ങിയ സാമൂഹ്യപരിഷ്കർത്താക്കൾ സ്ത്രീകളുടെ ഉന്നമനത്തിനും സാമൂഹ്യ അനാചാരങ്ങൾക്കുമെതിരെ പൊരുതിയവരാണ്. ധീരരായ അനവധി മഹിളാരത്നങ്ങൾക്കു ജന്മം കൊടുത്ത നാടാണ് ഇന്ത്യ. സ്വാതന്ത്ര്യത്തിന് മുമ്പ് റാണി ലക്ഷ്മിഭായി 1857 ൽ ബ്രിട്ടീഷുകാർക്കെതിരെ പടനയിച്ച ധീരവനിതയാണ്. 'അവുധ്' എന്ന നാട്ടുരാജ്യത്തെ റാണി ബീഗം ഹസ്രത്ത് മഹലു 1857ൽ ബ്രിട്ടീഷുകാർക്കെതിരെ യുദ്ധം നടത്തിയ വനിതയാണ്. അതുപോലെ റാണി പത്മിനി തുടങ്ങിയവർ.

സ്വാതന്ത്ര്യസമരത്തിൽ അനവധി ധീരവനിതകൾ സുപ്രധാന പങ്കുവഹിച്ചു. കസ്തൂർബാ ഗാന്ധി, വിജയലക്ഷി പണ്ഡിറ്റ്, രാജ്കുമാർ അമൃത്കൗർ, അഞ്ജലി അമ്മാൾ, അരുണാ അസഫലി, സുചേതാ കൃപലാനി, ദുർഗ്ഗാഭായി ദേശ്മുഖ് തുടങ്ങി അനവധി വനിതാരത്നങ്ങൾ. ഭാരതത്തിന്റെ വാനമ്പാടി എന്നു വിളിച്ചിരുന്ന പ്രശസ്തയായ സ്വാതന്ത്ര്യസമര സേനാനിയായിരുന്ന സരോജിനി നായിഡുവാണ് സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ ഗവർണർ.

ഇന്ത്യൻ ഭരണഘടന സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ വളരെ ഉദാത്തമായ ഭരണഘടനയാണ്. ജാതി, മത, വർണ്ണ, വർഗ്ഗ, ലിംഗ വ്യത്യാസമില്ലാതെ എല്ലാ പൗരന്മാർക്കും നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നു. സമൂഹത്തിൽ നാനാതരം വിവേചനങ്ങൾ ഏറ്റുവാങ്ങുന്ന വനിതകൾക്ക് സാമൂഹികസമത്വം ഉറപ്പാക്കുന്നതിനായി സവിശേഷ സംരക്ഷണവും അവസരങ്ങളും അനുവദിക്കുന്ന നിരവധി ചട്ടങ്ങൾ ഇന്ത്യൻ ഭരണഘടനയിലുണ്ട്. ഇതിനനുസൃതമായി ഒട്ടേറെ വനിതാസംരക്ഷണ നിയമങ്ങളും ഭരണഘടനാപരമായ നടപടികളും രാജ്യത്ത് നിലവിൽവന്നു. സ്ത്രീകൾക്കെതിരെയുള്ള എല്ലാ വിവേചനങ്ങളും ഇല്ലാതാകുന്നതിനുള്ള ഐക്യരാഷ്ട്രസഭയുടെ സിഡോ ഉടമ്പടിയിൽ ഒപ്പുവച്ച രാജ്യമാണ് ഇന്ത്യ. ഇന്ത്യൻ ഭരണഘടനയിൽ പുരുഷനും സ്ത്രീക്കും തുല്യപദവിയും അംഗീകാരവുമാണ് നൽകിയിരിക്കുന്നത്. ഇന്ത്യയിൽ പല സംസ്ഥാനത്തും പ്രത്യേകിച്ചും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഇന്നും നമ്മുടെ സഹോദരിമാർ നിരക്ഷരരും, സാമൂഹ്യമായും സാമ്പത്തികമായും വളരെ പിന്നോക്കാവസ്ഥയിലുമാണ്. ഇന്ത്യയിൽ ആകെ 18 ശതമാനം സ്ത്രീകൾ മാത്രമേ പ്രൈമറിസ്കൂൾ വിദ്യാഭ്യാസം നേടിയിട്ടുള്ളൂ. പെൺ ഭ്രൂണഹത്യ ഇന്ത്യൻ ഗ്രാമങ്ങളിൽ സർവ്വസാധാരണമാണ്.

ഇന്ത്യക്ക് ഒരു ദേശീയ വനിതാനയമുണ്ട്. വനിതകളുടെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക ശാക്തീകരണത്തിനുവേണ്ടി ആവിഷ്ക്കരിച്ച National Policy for the empowerment of Women, 2001 ൽ കേന്ദ്ര സർക്കാർ പാസ്സാക്കി. അതേ വർഷംതന്നെ കേന്ദ്രഗവൺമെന്റ് Year of Women empowerment ആയി ആചരിച്ചു.

ജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്ത്രീകൾ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ചു കഴിഞ്ഞു. 1905 ൽ സൂസന്ന ആർ.ഡി ടാറ്റ മോട്ടോർ കാർ ഓടിക്കുന്ന ആദ്യത്തെ വനിത എന്ന പദവി കരസ്ഥമാക്കി. 1951 ൽ പ്രേംമാത്തൂർ ഇന്ത്യയിൽ ആദ്യത്തെ കൊമേഴ്സ്യൽ പൈലറ്റായി. 1970 ൽ കൽപനചൗള സ്പേസിൽ പോകുന്ന ആദ്യത്തെ വനിതയും. 1951 ൽ അന്നാ ചാണ്ടി ആദ്യത്തെ വനിതാ ഹൈക്കോടതി ജഡ്ജിയായി. 1966 ൽ ക്യാപ്റ്റർ മിസ്സ് ദുർഗ്ഗാ ബാനർജി ഇന്ത്യൻ എയർലൈൻസിന്റെയും എയർ ഇന്ത്യയുടെയും ആദ്യത്തെ പൈലറ്റായി. 1972 ൽ കിരൺ ബേഡി ആദ്യത്തെ വനിതാ ഐ.പി.എസ് ഉദ്യോഗസ്ഥയായി. 2004 ൽ മിസ്സ് സുനിതാ അറോറ ഇന്ത്യൻ ആർമിയിൽ അത്യുന്നത പദവിയായ ലഫ്റ്റനന്റ് ജനറൽ പദവിയിലെത്തി. 2005 ൽ മിസ്സ് മന്ദിർ രാജപുഷ്പ 34-ാം വയസ്സിൽ ഇന്ത്യൻ റെയിൽവേയിലെ ആദ്യത്തെ എൻജിൻ ഡ്രൈവറായി.

കൂടാതെ കലയിലും സാഹിത്യത്തിലും സ്പോർട്സിലും രാഷ്ട്രീയത്തിലും ശാസ്ത്രസാങ്കേതിക മേഖലയിലും വൈദ്യശാസ്ത്രരംഗത്തും വനിതകൾ തങ്ങളുടെ സ്വാധീനവും വ്യക്തിമുദ്രയും പതിപ്പിച്ചുകഴിഞ്ഞു. ശ്രീമതി എം.എസ് സുബ്ബലക്ഷ്മി, ലതാ മങ്കേഷ്കർ, ആശാ ബോൺസ്ലെ, ഐശ്വര്യറായ്, പി.ടി ഉഷ, സാനിയ മിർസ, കർണം മല്ലേശ്വരി തുടങ്ങിയവർ ഇന്ത്യൻ കലാ കായികരംഗത്തെ അഭിമാനങ്ങളാണ്.

നമ്മുടെ കേരളത്തിൽ 1996 ൽ സംസ്ഥാനവനിതാനയം പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞ ഒരുദശകത്തിലേറെ കാലയളവിൽ സ്ത്രീ ശാക്തീകരണരംഗത്ത് കാഴ്ചപ്പാടിലും പ്രായോഗിക അനുഭവങ്ങളിലും ഉണ്ടായ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ 2008 ൽ പുതുക്കിയ സംസ്ഥാനവനിതാനയം പ്രഖ്യാപിക്കുകയുണ്ടായി. ഇപ്പോഴിതാ വനിതാസംവരണ ബില്ലും പാസ്സാക്കിയിരിക്കുന്നു.

ദേശീയ വനിതാനയവും സംസ്ഥാന വനിതാനയവും വനിതാസംവരണ ബില്ലുമൊക്കെ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നിശ്ചയദാർഢ്യവും ഇച്ഛാശക്തിയും നമ്മൾക്കുണ്ടാകണം. നമ്മുടെ വനിതകളുടെ അന്തസ്സും പദവിയും ആത്മാഭിമാനവും ഉയർത്തുന്നതിനും, സ്ത്രീ പദവിയെ പ്രതികൂലമായി ബാധിക്കുന്ന എല്ലാവിധ അനാചാരങ്ങളും അതിക്രമങ്ങളും വിവേചനങ്ങളും ഇല്ലാതാകുന്ന അവസ്ഥ സംജാതമാകണം. അങ്ങനെയുള്ള ശോഭനമായ കാലം എത്രയും വേഗം ഉണ്ടാകണമെന്നും പ്രത്യാശിക്കുന്നു.